# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 ഡിസംബർ 15

# വാർത്താക്കുറിപ്പ്

**സർട്ടിഫിക്കറ്റ് കോഴ്സ്**

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസ്, ബെയ്സിക് കൊൺസിലിംഗ് ആന്റ് സൈക്കോതെറാപ്പി എന്ന വിഷയത്തിൽ പത്ത് ദിവസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. ഡിസംബർ 30 -ന് ആരംഭിക്കുന്ന ഈ കോഴ്സിൽ ചേരുവാൻ താല്പര്യമുള്ളവർ ircdsmgu@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യുക.

രജിസ്ട്രേഷൻ ഫീസ് - 2000 രൂപ
വിശദവിവരങ്ങൾക്ക് ഫോൺ നമ്പർ - 9746085144, 9074034419

(പി.ആർ.ഒ/39/1549/2021)

**പരീക്ഷാ കേന്ദ്രം**

ഇന്ന് (ഡിസംബർ 16) ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ സി.ബി.സി.എസ്. - ബി.എ/ ബി.കോം. (2020 അഡ്മിഷൻ - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾക്കായി ഗവ. സംസ്കൃത കോളേജ്, തൃപ്പൂണിത്തുറ, പരീക്ഷാ കേന്ദ്രമായി അപേക്ഷിച്ച ബി.കോം. വിദ്യാർത്ഥികൾ, പുത്തൻകുരിശ് സെന്റ് തോമസ് ആർട്ട്സ് ആൻഡ് സയൻസ് കോളേജിലാണ് പരീക്ഷ എഴുതേണ്ടത്. ബി.എ. വിദ്യാർത്ഥികളുടെ പരീക്ഷാ കേന്ദ്രം ഗവ. സംസ്കൃത കോളേജ്, തൃപ്പൂണിത്തുറയിൽ തന്നെയായിരിക്കും. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1550/2021)

**പരീക്ഷാ തീയതി**

ഒന്നാം സെമസ്റ്റർ ബി.വോക് (2015 - 2018 അഡ്മിഷൻ - സപ്ലിമെന്ററി/2014 അഡ്മിഷൻ - മേഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷകൾ ഡിസംബർ 20 -ന് ആരംഭിക്കും.

(പി.ആർ.ഒ/39/1551/2021)

രണ്ടാം സെമസ്റ്റർ ബി.വോക് (2015 - 2018 അഡ്മിഷൻ - സപ്ലിമെന്ററി/2014 അഡ്മിഷൻ - മേഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷകൾ ഡിസംബർ 23 -ന് ആരംഭിക്കും.

(പി.ആർ.ഒ/39/1552/2021)

മൂന്നാം സെമസ്റ്റർ ബി.വോക് (2015 - 2018 അഡ്മിഷൻ - സപ്ലിമെന്ററി/2014 അഡ്മിഷൻ - മേഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷകൾ ജനുവരി 11 -ന് ആരംഭിക്കും.

(പി.ആർ.ഒ/39/1553/2021)

**പരീക്ഷാ ഫലം**

2021 ജൂലൈയിൽ നടത്തിയ എം.എ. പൊളിറ്റിക്കൽ സയൻസ് സി.എസ്സ്.എസ്സ്. നാലാം സെമസ്റ്റർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഓൺലൈനായി ഡിസംബർ 29 വരെ സ്വീകരിക്കും. പുനർമൂല്യനിർണ്ണയത്തിന് 370 രൂപയും സൂക്ഷ്മപരിശോധനയ്ക്ക് 160 രൂപയും ആണ് ഫീസടയ്ക്കേണ്ടത്.

(പി.ആർ.ഒ/39/1554/2021)

മൂന്നാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി (2018 അഡ്മിഷൻ - റെഗുലർ)/ ത്രിവത്സര എൽ.എൽ.ബി. (2014-2017 അഡ്മിഷൻ - സപ്ലിമെന്ററി/ 2013 അഡ്മിഷൻ - ഒന്നാം മേഴ്സി ചാൻസ്/ 2012 അഡ്മിഷൻ - രണ്ടാം മേഴ്സി ചാൻസ്/ 2012 -ന് മുൻപുള്ള അഡ്മിഷൻ - മൂന്നാം മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ യഥാക്രമം 370 രൂപ, 160 രൂപ ഫീസ് സഹിതം ഡിസംബർ 29 വരെ പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ സ്വീകരിക്കും.

(പി.ആർ.ഒ/39/1555/2021)

സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് 2021 നവംബറിൽ നടത്തിയ 2019 ബാച്ച് - രണ്ടാം സെമസ്റ്റർ എം.ഫിൽ പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, (സോഷ്യൽ സയൻസസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1556/2021)

2021 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ് സി. പ്ലാന്റ് ബയോടെക്നോളജി(റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ ഓൺലൈനായി ഡിസംബർ 29 വരെ സ്വീകരിക്കും. പുനർമൂല്യനിർണ്ണയത്തിന് 370 രൂപയും സൂക്ഷ്മപരിശോധനയ്ക്ക് 160 രൂപയും ആണ് ഫീസടയ്ക്കേണ്ടത്.

(പി.ആർ.ഒ/39/1557/2021)

2021 സെപ്റ്റംബറിൽ നടന്ന രണ്ടാം സെമസ്റ്റർ - എം. എസ് സി - മെഡിക്കൽ മൈക്രോബയോളജി(റെഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കുള്ള അപേക്ഷകൾ 160 രൂപ ഫീസ് സഹിതം ഡിസംബർ 28 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ/39/1558/2021)

2021 നവംബറിൽ നടന്ന പത്താം സെമസ്റ്റർ ബി.ആർക് റെഗുലർ/ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദ വിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1559/2021)

## പട്ടിക വിഭാഗക്കാർക്ക് സാമ്പത്തിക സഹായം

രാജ്യത്തിനകത്ത് വിവിധ ഭാഗങ്ങളിൽ നടത്തുന്ന സെമിനാറുകൾ/ കോൺഫറൻസുകൾ എന്നിവയിൽ പങ്കെടുത്ത് പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിന് പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഗവേഷണ വിദ്യാർത്ഥികൾക്ക് മഹാത്മാഗാന്ധി സർവ്വകലാശാല സാമ്പത്തികസഹായം നൽകുന്നു. സർവ്വകലാശാലയ്ക്ക് കീഴിലുള്ള വിവിധ പഠന വകുപ്പുകളിലും അംഗീകൃത കേന്ദ്രങ്ങളിലും മുഴുവൻ സമയ ഗവേഷണം നടത്തുന്നവരായിരിക്കണം അപേക്ഷകർ. 2021 ഏപ്രിൽ ഒന്നു മുതൽ - 2022 മാർച്ച് 31 വരെയുള്ള കാലയളവിലേക്കാണ് ധനസഹായം നൽകുക. ഇതര ഫണ്ടിംഗ് ഏജൻസികളിൽ നിന്നും പേപ്പർ അവതരണത്തിനായി ഇതിനകം സാമ്പത്തികസഹായം ലഭിച്ചിട്ടുള്ളവർ അപേക്ഷിക്കേണ്ടതില്ല . ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങളും അപേക്ഷാഫോറവും സർവ്വകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1560/2021)

## അസിസ്റ്റന്റ് ഡയറക്ടർ - കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിലുള്ള സെന്റർ ഫോർ ഓൺലൈൻ എഡ്യൂക്കേഷൻ/ ഡയറക്ടറേറ്റ് ഓഫ് അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് -ൽ അസിസ്റ്റന്റ് ഡയറക്ടറുടെ ഒരൊഴിവുണ്ട്. കരാറടിസ്ഥാനത്തിലായിരിക്കും നിയമനം. പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാം. എം.ടെക്., എം.സി.എ., എം.എസ്.സി. (കമ്പ്യൂട്ടർ സയൻസ്) യോഗ്യതയും പി.എച്ച്.ഡി. ബിരുദവും ഉള്ളവർക്ക് അപേക്ഷിക്കാം. ഗവേഷണം പൂർത്തിയാക്കി പ്രബന്ധം സമർപ്പിച്ചിട്ടുള്ളവരെയും പരിഗണിക്കും. കൂടാതെ ഭരണകാര്യങ്ങൾ/ ടീം ലീഡർഷിപ്പ്/ഡാറ്റാ അനലറ്റിക്സ്/ മെഷീൻ ലേണിംഗ്/ റോബോട്ടിക്സ്/ക്ലൗഡ് കമ്പ്യൂട്ടിംഗ്/ ബ്ലോക്ക് ചെയിൻ തുടങ്ങിയ മേഖലകളിൽ പ്രവൃത്തി പരിചയം, ഇന്റർ ഡിസിപ്ലിനറി/ട്രാൻസ് ഡിസിപ്ലിനറി/ ക്രോസ് ഡിസിപ്ലിനറി വൈദഗ്ധ്യം, മാനേജ്മെന്റ് പഠനത്തിലുള്ള യോഗ്യതകൾ തുടങ്ങിയവ അഭികാമ്യം. പ്രായം 2021 ജനുവരി ഒന്നിന് 45 വയസ് കവിയരുത്. അർഹരായവർക്ക് നിയമാനുസൃത വയസ്സിളവ് അനുവദിക്കും.

ഇതിലേക്കുള്ള അപേക്ഷകൾ നിശ്ചിത ഫോറത്തിൽ coe@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ ഡിസംബർ 27 -ന് വൈകിട്ട് അഞ്ച് വരെ സ്വീകരിക്കും. അപേക്ഷാഫോറവും വിശദാംശങ്ങളും www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷയോടൊപ്പം പ്രായം, യോഗ്യത, പ്രവൃത്തിപരിചയം എന്നിവയുടെയും മറ്റ് ആനുകൂല്യങ്ങൾക്ക് അർഹരായവർ അത് സംബന്ധിച്ച സർട്ടിഫിക്കറ്റുകളുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിക്കണം. സർട്ടിഫിക്കറ്റുകളുടെ അസ്സൽ സർവ്വകലാശാല ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കുകയും വേണം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം സഞ്ചിത നിരക്കിൽ 50000 രൂപ പ്രതിഫലം ലഭിക്കും.

(പി.ആർ.ഒ/39/1561/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ